പഠിപ്പിച്ചിരുന്നത്. 5 ഡിവിഷനുകളിൽ കുറവുള്ള ഹൈസ്കൂളുകളിൽ 2002-ന് മുമ്പ് നിലവിലിരുന്നത് പോലെ മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതാണ്.

(ബി) നിലവിലുള്ള സംവിധാനം ഇംഗ്ലീഷ് ഭാഷാദ്ധ്യാപനത്തിന് പര്യാപ്തമായതിനാൽ ഇപ്പോൾ പരിഗണനയിൽ ഇല്ല.

കാസർഗോഡ് ജില്ലയിലെ എച്ച്.എസ്.എ ഇംഗ്ലീഷ് ഒഴിവുകൾ

50 (5185) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ 25-ൽ അധികം ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി.റാങ്ക് ലിസ്റ്റ് മുഖേന നിയമിക്കുന്നതിന് 5 ഒഴിവുകൾ മാത്രം റിപ്പോർട്ട് ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന അവസരത്തിൽ കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ 15 ഒഴിവുകൾ നിലവിലുണ്ടായിരുന്നു. അതിൽ 6 ഒഴിവുകൾ സംവരണ സമുദായത്തിൽപ്പെട്ടവർക്കായി പി.എസ്.സി. നിർദ്ദേശപ്രകാരം മാറ്റിവെക്കപ്പെട്ടവയാണ്. അവശേഷിക്കുന്ന 9 ഒഴിവുകൾ താഴെപ്പറയുന്ന വിവിധ വിഭാഗങ്ങൾക്കായി നീക്കി വെച്ചിരിക്കുന്നു.

പി.എസ്.സി.	: 3
അന്തർ ജില്ലാ സ്ഥലംമാറ്റം	: 2
തസ്തിക മാറ്റം	: 2
പ്രൈമറി അദ്ധ്യാപക പ്രൊമോഷൻ	: 2

അന്തർ ജില്ലാ സ്ഥലംമാറ്റ വിഭാഗത്തിൽ അപേക്ഷകൾ ഇല്ലാത്തതിനാൽ ആ ഒഴിവുകൾ കൂടി ഉൾപ്പെടുത്തി 5 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു.

അധിക തസ്തികകളിലേക്ക് നിയമിച്ചിട്ടുള്ള അദ്ധ്യാപകരുടെ നിയന അംഗീകാരം

51 (5186) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധിക തസ്തികകളിലേക്ക് നിയമിച്ചിട്ടുള്ള എത്ര അദ്ധ്യാപകർ നിയമന അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly